**<u>വിഷയം: K-SMART: "Efficient Governance, Empowered Citizens"</u> – ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള കെ-സ്മാർട്ട് ആപ്ലിക്കേഷൻ മുഖേന കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള ഇ-ഗവേർണൻസ് വിപ്ലവത്തെ കാണിക്കുന്ന ദൃശ്യാവിഷ്കാരം.**

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച കെ-സ്മാർട്ട് ആപ്ലിക്കേഷൻ കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും രണ്ട് ഘട്ടങ്ങളിലായി 10 ഏപ്രിൽ 2025 ഓടുകൂടി വിന്യസിച്ചുകഴിഞ്ഞു. *"Ease of Doing Business"* പ്രാദേശിക സർക്കാരുകളിലൂടെ എങ്ങനെ സാധ്യമാകുന്നു എന്നത് കെ-സ്മാർട്ടിലൂടെ തെളിയിക്കപ്പെടുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന വിവിധ സേവനങ്ങൾ സുതാര്യവും, മിതമായ നടപടിക്രമങ്ങളിലൂടെ വേഗത്തിലും ജനങ്ങൾക്ക് എത്തിക്കുന്നതിനും, അതോടൊപ്പം ജീവനക്കാർക്ക് നടപടിക്രമങ്ങൾ ലഘൂകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നൂതന ടെക്നോളജിയിലാണ് കെ-സ്മാർട്ട് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

ഇൻഫർമേഷൻ കേരള മിഷൻ എന്ന സ്ഥാപനം ഇ-ഗവേർണൻസ് രംഗത്ത് കേരളത്തിന് നേടിക്കൊടുത്ത പ്രസക്തി, ഐ.കെ.എം വികസിപ്പിച്ച ***"കെ-സ്മാർട്ട്"*** ആപ്ലിക്കേഷൻ മുഖേന കേരളത്തിനും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും, പൊതുജനങ്ങൾക്കും ഉണ്ടാക്കിയ മാറ്റങ്ങൾ, കെ-സ്മാർട്ട് ആപ്ലിക്കേഷനിലെ സവിശേഷതകൾ എപ്രകാരം ഫലപ്രദമായി ഉപയോഗപ്പെടുത്തി ജനസേവനം അതിന്റെ പൂർണതയിലെത്തിക്കുവാൻ സാധിക്കുന്നു എന്നതിന്റെ ദൃശ്യാവിഷ്കാരണമാണ് ഐ.കെ.എം ഫ്ലോട്ടിലൂടെ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്.

**ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനം/വ്യക്തികൾ മുകളിൽ സൂചിപ്പിച്ച വിഷയത്തിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന ഫ്ലോട്ടിന്റെ വിശദമായ വിവരണം, ഫ്ലോട്ടിന്റെ 3D ചിത്രങ്ങൾ (Including design) എന്നിവ ക്വട്ടേഷനിൽ നിബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.**